കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടപ്പുറം ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.8)353/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നം. 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കടപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്പുറം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-25, 1-26 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)353/2020,തീയതി:19.05.2020

# തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.01.2019 മുതൽ 24.02.2020 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2018-19 വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.02.2020 മുതൽ 03.03.2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ലിസി ടി.ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ലിഷ കെ.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജോമോൻ ഇ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.അനീറ്റ ഡൊമിനിക്ക് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പി.എം.മുജീബ് | 01.4.2018 മുതൽ 18.05.2018 വരെ |
| | കാഞ്ചന മൂക്കൻ (ഇൻ ചാർജ്) | 19.05.2018 മുതൽ 12.06.2018 വരെ |
| | പി.കെ.ബഷീർ | 13.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ടി.കെ.ജോസഫ് | 01.04.2018 മുതൽ 12.03.2019 വരെ |
| | ഷെറി.എൽ (ഇൻ ചാർജ്) | 13.03.2019 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| --- | --- | --- |
| കൃഷി ഓഫിസർ | ജോർജ്ജ്.ടി.ഏബ്രഹാം | 01.04.2018 മുതൽ 31.07.2018 വരെ |
| | പ്രതീഷ്.വി.എസ്. | 01.08.2018 മുതൽ 20.08.2018 വരെ |
| | ആശിഷ്.ഐ.എടക്കളത്തൂർ | 21.08.2018 മുതൽ 05.03.2019FN വരെ |
| | ആൻസി.യു.എ. | 05.03.2019FN മുതൽ 06.03.2019 വരെ |
| | ഡിറ്റോ ജോസ്.എം | 07.03.2019 മുതൽ 11.03.2019 വരെ |
| | ആൻസി.യു.എ. | 12.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | രാജിമോൾ.എസ്.രാജു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ശ്രീവത്സൻ | 01.04.2018 മുതൽ 07.08.2018 വരെ |
| | ഡോ.ശ്രീകല | 08.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.റോണിഷ് ജോസ് ചാലക്കൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അരുൺ എം.എം | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (ബ്ലാങ്ങാട് സർക്കിൾ) | ടി.ബി.ശശിധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (കടപ്പുറം സർക്കിൾ) | വോൾഗ ജി.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ് | കെ.എസ്.ശാലിനി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഉണ്ണികൃഷ്ണൻ.വി.എ. | 01.04.2018 മുതൽ 05.03.2019 വരെ |
| | 06.03.2019 ഒഴിവ് | |
| | ഷെറി.എൽ. | 07.03.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അംബിക.കെ.വി. | 01.04.2018 മുതൽ 14.02.2019 വരെ |
| | രൂപ.ടി | 15.02.2019 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ഫാത്തിമ നവാസ് | 01.04.2018 മുതൽ 14.02.2019 വരെ |
| | 15.02.2019 മുതൽ 05.03.2019 വരെ ഒഴിവ് | |
| | അൻസിൽ.പി.എം | 06.03.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതു പരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി അപാകതകൾ | 1-13 |
| 14 | ലൈസൻസ് അപാകതകൾ | 1-14 |
| 15 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-15 |
| 16 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-16 |
| 17 | വിമുക്തഭടന്മാരുടെ നികുതിയിളവ് -അപാകതകൾ | 1-17 |
| 18 | വസ്തുനികുതി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-18 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി | 1-19 |
| 20 | വാഹനം കയ്യൊഴിക്കൽ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | എസ്.എസ്.എ.വിഹിതം കൂടുതലായി അനുവദിച്ചു | 1-21 |
| 22 | ജലസംരക്ഷണ നടപടികൾ ഊർജ്ജിതമാക്കണം | 1-22 |
| 23 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണം | 1-23 |
| 24 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 25 | വെള്ളക്കരം കുടിശ്ശിക വർദ്ധിക്കുന്നു | 1-25 |
| 26 | എസ്.സി.നായാടി വിഭാഗക്കാർക്ക് അർഹിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല | 1-26 |
| 27 | ലൈബ്രറി കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല | 1-27 |
| 28 | ശമ്പള പരിഷ്കരണകുടിശ്ശിക-പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-28 |
| 29 | ആശ്രയ പദ്ധതിക്കായി തുക വിനിയോഗിക്കുന്നില്ല | 1-29 |
| 30 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-രേഖകൾ ലഭ്യമല്ല | 1-30 |
| 31 | വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ-അപാകതകൾ | 1-31 |
| | ഭാഗം-2 | |
| 32 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | |
| | ഭാഗം-3 | |
| 33 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | |
| | ഭാഗം 4 | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 11,19,15,000 രൂപയും ചെലവ് 11,14,48,000 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 14.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6556057.50 |
| വരവ് | 76667245 |
| ആകെ | 83223302.50 |
| ചെലവ് | 62951702 |
| നീക്കിയിരിപ്പ് | 20271600.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് പ്രകാരം തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം(ACR പ്രകാരം) | 0 | 1,63,22000 | 1,63,22000 | 14,18,0954 | 2141046 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1753000 | 1753000 | 1752469 | 531 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 51000 | 51000 | 0 | 51000 |
| സംരക്ഷണഗ്രാന്റ് -റോഡ് | 0 | 8895000 | 8895000 | 7413049 | 1481951 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3346000 | 3346000 | 3084066 | 261934 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9521393 | 9521393 | 4252115 | 5269278 |
| എം.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | 0 | കൂലി-12020550 Mat-1573360 | 13593910 | 13593910 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 286930 | 286930 | 286930 | 0 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 46360 | 1645 | 48005 | 0 | 48005 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | | 125665 | 1559036 | 1684701 | 238915 | 1445786 |
| ഐ.സി.ഡി.എസ്. | | 785814 | 706400 | 1492214 | 428600 | 1063614 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | | 12500 | 25000 | 37500 | 14550 | 22950 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 40000 | 1043515 | 1083515 | 343515 | 740000 |
| | ജില്ലാ പഞ്ചായത്ത് | 0 | 5506612 | 5506612 | 4293424 | 1213188 |
| തൊഴിൽ രഹിത വേതനം | | 0 | 144600 | 144600 | 69840 | 74760(ബാക്കി തുക ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്) |
| വാർദ്ധക്യകാല പെൻഷൻ | | 0 | 15520900 | 15520900 | 15520900 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 2019600 | 2019600 | 2019600 | 0 |
| അവിവാഹിത പെൻഷൻ | | 0 | 754700 | 754700 | 754700 | 0 |
| വിധവ പെൻഷൻ | | 0 | 16400200 | 16400200 | 16400200 | 0 |
| വികലാംഗ പെൻഷൻ | | 0 | 4626500 | 4626500 | 4626500 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 420000 | 420000 | 420000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ചാവക്കാട് ഫർക്ക് കോ-ഓപ്പറേറ്റിവ് റൂറൽ ബാങ്ക് | 4752094.50 | 10879226 | 15631320.50 | 8578696 | 7052624.50 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 1319629 | 16032028 | 17351657 | 10377179 | 6974478 |
| | J V STSB | 4000 | 6586127 | 6590127 | 4636939 | 1953188 |
| ഭവനനിധി | | 500 | 11 | 511 | 336 | 175 |
| e-payment | | 348160 | 16310213 | 16658373 | 12507230 | 4151143 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 132334723 | 75 | 48964017 | 16 | 47 | 54.34 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 286930 | 286930 | 286930 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13593910 | 13593910 | 13593910 | 0 |

# 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69840 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 2019600 | 149 |
| വിധവാപെൻഷൻ | 16400200 | 1330 |
| വാർദ്ധക്യകാലപെൻഷൻ | 15520900 | 1273 |
| വികലാംഗപെൻഷൻ | 4626500 | 366 |
| അവിവാഹിത പെൻഷൻ | 754700 | 64 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 420000 | 14 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,215/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

ആഭ്യന്തരനിയന്ത്രണസംവിധാനങ്ങൾശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29/05/2019 മുതൽ 30/05/2019 വരെ | മാർച്ച് 2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 22/11/2018 | 2012-2017 | 18/01/2018 |

| | | | |
|---|---|---|---|
| ജനറൽ | മുതൽ 04/12/2018 വരെ | | |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1581089 | 1528093 | 52996 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1581089 | 1528093 | 73123 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 593531 | 543558 | 20127 | 29846 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 593531 | 543558 | 0 | *29849 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 31342 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7692 | 7692 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 7692 | 0 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 152649 | 14183 | 138466 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 121362 | 14183 | 138482 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (25350+102080.=127430/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (145406/105X100)= 138482 |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 81260 | 436 | 81696 | 78191 | 436 | 78627 | 3069 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 30150 | 7707 | 37857 | 27602 | 767 | 28369 | 1052 | | 1496 | 6940 | 8436 |
| | ആകെ | | | 119553 | | | 106996 | 4121 | | 8436 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 172423 | | | 107144 | | | | 163987 | 8436 | | |
| | | 6082+166341 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies..... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ

വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 244382 | 11371 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 0 | 690 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിൽ 189പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 21,85,732/-മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 107144 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,06,996/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.8. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 8,229/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1,76,748/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 8416 (176748/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 8,436/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 61520 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 29400 |

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ

ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (7692) |
| 280100104-Prior period income-Property tax on non residential buildings | (31301) |
| 280100102-Prior period income-Profession Tax | (10000) |
| 280200401-Prior period income-Other income | (26575) |
| 280600401-Prior period expenses-Recovery of unutilised grant | 43470 |

8. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

10. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,37,15,543/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,02,04,452/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 75,000/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

11.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

12 .ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Suppliers SD വരവ് 6,000/- രൂപയും വാർഷിക കണക്ക് പ്രകാരം 5,000/- രൂപയും ആണ്.

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവക്കായി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

14. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയില്ല .

എം പി ഫണ്ട്(SBI), സാക്ഷരത(SBI), OAP(SBI), ലൈഫ് മിഷൻ(KGB) എന്നിവയുടെ പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല.

15. ബാലൻസ് ഷീറ്റ് B9 പ്രകാരം " Liability in respect of stale cheque" എന്ന ഹെഡിൽ 49,255/- രൂപയുണ്ട്. വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ പത്രിക പ്രകാരം 5,524/- രൂപ liability inrespect of stale cheque ലേക്ക് മാറ്റിയിട്ടില്ല.

Cheque issued but not presented.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| ട്രഷറി SBI | 713061400000005 | 9764004/ 7.3.18 | 3024 |
| | 37214533433 | 764666/ 30.10.18 | 2500 |

16. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക5,84,915/-രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 9,49,826/-രൂപ യാണ്.

17. വായ്പ ഇനത്തിൽ തൻവർഷം1,62,50,122/-രൂപ വരവുണ്ട്. 31/3/2019 ൽ രൂപ 1,62,50,122/-ന് തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ വായ്പ രജിസ്റ്റർ ഹാജരാക്കിയില്ല.

18. RP-31 പ്രകാരം ഉള്ള താഴെ പറയുന്ന വരവിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

| ഇനം | വരവ് |
|---|---|
| 320100121--ICDS | 706400 |
| 320200399—Specific Purpose Grant | 69500 |
| 320800299—Donation to Flood | 75964 |

19. Rp-4(140110109, 140120101, 14020104, 140500199, 140400109എന്നിവ ഒഴികെയുള്ള വരവുകൾ) RP-5എന്നിവയിലെ വരവുകൾ പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയില്ല. ലേലം ഇനത്തിൽ 2,73,850/-രൂപ വരവുണ്ട്. ലേലരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

<u>പരിഹരിച്ച അപാകതകൾ</u>

ഖണ്ഡിക 2.1.1, 2.5, 2.8, 2.9, 7, 11, 12, 13, 14 എന്നീ ഖണ്ഡികകളിലെ അപാകതകൾ ഓഡിറ്റ് സമയത്ത് പരിശോധിക്കുകയും ആയത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഖണ്ഡികകളിലെ പരാമർശങ്ങൾ നിലനിൽക്കുന്നു.

# 1-12 രശീതു പരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്തിലെ രശീതി ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:

1. രശീതി ബുക്കിന്റെ ഉപയോഗശേഷം ബാക്കി വന്ന രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ:- രശീതു ബുക്ക് നം.6763 , 52 രശീതികൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളു.

2. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ രശീതു ബുക്ക് നം. 6755 – ൽ 35 രശീതികൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. രശീതികൾ ക്യാൻസൽ ചെയ്യാതെ 2019-20 വർഷത്തിൽ പഞ്ചായത്ത് പുതിയ രശീതിബുക്ക് അനുവദിച്ചിട്ടുണ്ട് (രശീതി നം. 45827).

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രശീതിബുക്ക് പൂർണ്ണമായി ഉപയോഗിച്ച തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പഴയ രസീത്ബുക്കിലെ രശീതികൾ ബാക്കി നില്ക്കേ, ആയത് ക്യാൻസൽ ചെയ്തിട്ടുണ്ടോ എന്ന പരിശോധിച്ചശേഷമേ പുതിയത് അനുവദിക്കാൻ പാടുള്ളൂ. രസീത്ബുക്കിലെ രശീതികൾ ഏതെങ്കിലും അവസരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കുകയും ചെയ്യും.

മേൽസൂചിപ്പിച്ച അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി - അപാകതകൾ

1. <u>കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽനികുതി അടച്ചതായോ കാണുന്നില്ല.

1. മുഹസിൻ മുഹമ്മദ്
2. മുഹമ്മദ് ഫൈസൽ
3. എൻ.പി. കുഞ്ഞുമൊയ്തു ഹാജി
4. കെ.സി.ബിജു
5. എം.എം.സുനിൽകുമാർ
6. ടി.സി. അമീർ അലി
7. കെ.വി.അബ്ദുൾ ഖാദർ
8. മുഹമ്മദ്മോൻ എൻ.പി.
9. ടി.എച്ച്. റഹിം
10. പി.പി.സുനിൽകുമാർ

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.9/29.02.2020) മറുപടി നല്കിയത്- ഗ്രാമപഞ്ചായത്തിന്റെ കരാറുകാരിൽ മുഹമ്മദ് ഫൈസൽ, കെ.വി.അബ്ദുൾ ഖാദർ എന്നിവർ ഒഴികെ, മറ്റെല്ലാ കരാറുകാരും, മറ്റു പഞ്ചായത്തുകളിലെ പ്രധാന കരാറുകാരാണ് എന്നാണ്. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

2. <u>സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല</u>

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1. മാവേലി സ്റ്റോർ – സജു കെ.വി. (XI/377A)
2. സാൽവ റീജൻസി ഓഡിറ്റോറിയം – അബ്ദുൾ മജീദ് (XI/369A)

# 1-14 ലൈസൻസ് - അപാകതകൾ

<u>ലൈസൻസ് -പഴയ മാതൃക പിന്തുടരുന്നു</u>

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്,

ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 215 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

2. റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക1, ക്രമ നം.149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ലൈസൻസ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരവും റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യം പഞ്ചായത്ത്, റേഷൻ കടയുടമകളെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ നാളിതുവരെ തുകയൊന്നും വസൂലാക്കാൻ കഴിഞ്ഞിട്ടില്ല.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/ 02.03.2020) പ്രസ്തുത തുകകൾ ഈടാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.
റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് മൂലം ലൈസൻസിനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാനനഷ്ടം സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.
1. ഫാത്തിമ ഡെൻറൽ കെയർ, ആറങ്ങാടി
2. ആയുർവ്വേദ ഹോസ്പിറ്റൽ ഔഷധാലയ
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/02.03.2020) 'ഔഷധാലയ'എന്ന സ്ഥാപനത്തിൽ അനധികൃതമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിനാൽ 2018-19 വർഷത്തെ **പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നല്കിയിട്ടില്ല** എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനത്തിനെതിരെ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-16 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസായ 38976/- ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർമാർ മുഖേന ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് എൻജിനീയറിംഗ് വിഭാഗത്തിന്റെ പൊതു അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇത് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട അസി. എക്സി.എൻജിനീയർമാർ സ്വീകരിക്കേണ്ടതാണ് എന്ന് പഞ്ചായത്ത് ഡയറക്ടറാഫീസിൽ നിന്നുള്ള 12/12/2019 ലെ സർക്കുലർ നം.: PAN/782/2019-J8(DP) നിർദ്ദേശം 3 ൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് -അപാകതകൾ

വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് സംബന്ധിച്ച ഫയലിൽ അപേക്ഷകൾ/സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. ആകെ രണ്ടു സാക്ഷ്യപത്രങ്ങൾ മാത്രമാണ് ഫയലിലുള്ളത്. മാത്രമല്ല, പ്രസ്തുത നികുതിയിളവ് സംബന്ധിച്ച വിവരങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടുമില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/03.03.2020) നല്കിയ മറുപടി ചുവടെ ചേർക്കുന്നു:

'വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ (സ. ഉ. (കൈ) നം 106/17/ത.സ്വ.ഭ.വ./ തീ.26.5.17) അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കിയതിനാലാണ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിക്കാതിരുന്നത്. ആവശ്യമെങ്കിൽ അടുത്ത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ച് സാധൂകരണം നേടുന്നതാണ്.'

ഈ വിഷയം പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗവുമായി ബന്ധപ്പെട്ടതാകയാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അപേക്ഷകൾക്ക്/സാക്ഷ്യപത്രങ്ങൾക്ക് നിർബന്ധമായും അംഗീകാരം നേടേണ്ടതാണ്.

വിമുക്ത ഭടന്മാർക്ക് നികുതി ഇളവിന് തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ അർഹതയുള്ളു. ഇളവ് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, നിർണ്ണയിച്ച നികുതി എന്നീ വിശദാംങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മിറ്റി അംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല.

# 1-18 വസ്തുനികുതി - രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി അസ്സസ്മെന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

2. പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കുന്നത് അപേക്ഷ നൽകുന്ന തീയതി മുതൽക്കാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇത്തരം വിശദാംശങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല.

3. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന തീയതി മുതൽക്കോ ഏതാണ് ഒടുവിൽ, ആ തീയതി മുതൽക്കാണ് ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവിന് അർഹത. എന്നാൽ ഈ വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-19 മൊബൈൽ ടവറുകളുടെ വസ്തുനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ 2018-19 ലെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവർ | 2018-19 വരെയുള്ള വസ്തുനികുതി കുടിശ്ശിക |
|---|---|---|
| 1 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് (XII/367A) | 144260 |
| 2 | BSNL മൊബൈൽ ടവർ (XI/423A) | 23968 |
| | | 168228 |

മേൽ മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയതിനാൽ ഗ്രാമപഞ്ചായത്ത് ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഇതു

സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.02.2020) മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-20 വാഹനം കയ്യൊഴിക്കൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.എ. 8137 മഹീന്ദ്ര ബൊലറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. 16-10-19 തിയ്യതിയിലെ സർക്കാർ ഉത്തരവ് നംപർ(കൈ)45/2019/പൊ.മ.വ.പ്രകാരം വാഹനത്തിന്റെ ഉപയാഗം പത്ത് വർഷത്തിലധികരിച്ചാലും വാഹനത്തിന്റെ തുടർച്ചയായ മൂന്ന് വർഷങ്ങളിലെ അറ്റകുറ്റ പണികളുടെ ചെലവ് വാഹനത്തിന്റെ വാർഷിക വിലയിടിവായ പത്ത് ശതമാനത്തിലധികമായാലും വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 2008 വർഷത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ നിലവിൽ പന്ത്രണ്ട് വർഷകാലവധി പൂർത്തിയാക്കിയതായി കാണുന്നു. കൂടാതെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ അറ്റകുറ്റ പണികളുടെ ചെലവ് 142604/- രൂപ ഇൻഷൂറൻസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിപണി മൂല്യത്തിലധികമായതായും കാണുന്നു. മാത്രമല്ല, സമുദ്രസാമീപ്യമുള്ളതിനാൽ വാഹനം തുരുമ്പെടുത്ത് സുരക്ഷിതമായ യാത്രക്ക് അനുയാജ്യമല്ലാതായിട്ടുമുണ്ട്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

<u>ലോഗ് ബുക്ക് അപാകതകൾ</u>

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാക്ഷ്യപത്രപ്രകാരമുള്ള ഇന്ധനക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹന ഉപയോഗത്തെക്കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ശരിയായ രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നമ്പർ 41/2008/ധന സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

വാഹനത്തിന്റെ ഉപയോഗത്തെകുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-21 എസ്.എസ്.എ വിഹിതം കൂടുതലായി അനുവദിച്ചു

2018-19 സാമ്പത്തിക വർഷത്തിൽ ഹെഡ് മിസ്ട്രസ് ഗവ. യു.പി സ്കൂൾ നിർവ്വഹണം നടത്തിയ നമ്പർ 9/18-19 എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി (അടങ്കൽ 9 ലക്ഷം, ചെലവ് 9 ലക്ഷം, ട്രഷറി ബിൽ നമ്പർ 1 തിയ്യതി 18/6/18) പ്രകാരം വിഹിതം അടവാക്കിയിട്ടുണ്ട് (ബിൽ നമ്പർ 13 തിയ്യതി 11/6/18രസീത് നമ്പർ 048427). സർവ്വശിക്ഷാ അഭിയാൻ ചാവക്കാട് റിസോഴ്സ് സെന്ററിൽ നിന്ന് ലഭ്യമാക്കിയ വാർഷിക എസ്റ്റിമേറ്റ് പ്രകാരമുള്ള 2300200/- രൂപയുടെ നാൽപ്പത് ശതമാനമായ 920080/- രൂപ ലഭ്യമാക്കാനാവശ്യപ്പെട്ടതിൽ 900000/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ, ആയതിന്റെ വിനിയാഗ സാക്ഷ്യപത്രത്തോടൊപ്പമുള്ള ചെലവ് പത്രിക പ്രകാരം യഥാർത്ഥത്തിലുള്ള ചെലവായ1373471/- രൂപയുടെ നാൽപ്പത് ശതമാനമായ 549388/- രൂപയാണ് യഥാർത്ഥത്തിൽ അടവാക്കേണ്ടിയിരുന്നത്. 350612/- രൂപ അധിക വിഹിതം അടവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിതുക തിരിച്ച് ഈടാക്കുവാനോ, വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിനോ, ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 ജലസംരക്ഷണ നടപടികൾ ഊർജ്ജിതമാക്കണം

മൂന്ന് വശങ്ങളിലും ജലത്താൽ ചുറ്റപ്പെട്ട് കേരള സംസ്ഥാനത്തിന്റെ തീരപ്രദേശത്തിന്റെ ഒത്ത നടുക്കായാണ് കടപ്പുറം ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം. പടിഞ്ഞാറ് ഇന്ത്യാ മഹാസമുദ്രവും, തെക്ക്, കിഴക്ക് വശങ്ങളിൽ യഥാക്രമം ചേറ്റുവ കായലും, കനോലി കനാലും സ്ഥിതിചെയ്യുന്നു. ഇത്രയേറെ ജലസാനിദ്ധ്യമുണ്ടായിട്ടും വേനൽകാലങ്ങളിൽ പതിനാറ് വാർഡുകളിൽ പതിനാലിലും കടുത്ത ജലക്ഷാമുണ്ടാകുന്നുണ്ട്. സമുദ്രത്തിൽ നിന്ന് ഉപ്പ് കായലിലേക്കും തുടർന്ന് കനാൽ ജലത്തിലേക്കും കുടിവെള്ള സ്രോതസ്സുകളിലേക്കും കലരുന്നതാണ് കാരണം. വാട്ടർ അതോറിറ്റിയുടെ ജലവിതരണവും

കാര്യക്ഷമമല്ലെന്നും, പൊതുടാപ്പുകളുടെ എണ്ണത്തെപ്പറ്റിയുള്ള സംയുക്തപരിശോധന പൂർത്തിയായിട്ടുള്ളത് നാല് വാർഡുകളിൽ മാത്രമാണെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിരിക്കുന്നത്. വെള്ളക്കരമിനത്തിൽ നിലവിലെ കുടിശ്ശികയായ 17045300 രൂപ തനത് ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചുകാണുന്നു. മഴവെള്ള സംരക്ഷണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേനയും പദ്ധതി മുഖേനയും അഞ്ഞൂറോളം കിണറുകളിൽ റീ ചാർജ്ജിങ്ങ് നടത്തിയിട്ടുണ്ടെങ്കിലും ആയത് തീർത്തും അപര്യാപ്തമാണ്. ഇക്കാര്യത്തിൽ സ.ഉ.(കൈ)നം.11/18ത.സ്വ.ഭ.വ. തിയ്യതി 29/1/18 മാർഗ്ഗരേഖ 7/(ബി)4 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്.

# 1-23 സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണം

കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു. 2018-19 വർഷത്തിൽ വിവിധ കേസുകളുടെ നടത്തിപ്പിനായി വ്യത്യസ്ത അഭിഭാഷകർക്കായി 34,500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കേസ് നമ്പർ, വർഷം, കേസിന്റെ ലഘു വിവരണം, എതിർ ഭാഗത്തിന്റെ വിലാസം, ഹാജരായ അഭിഭാഷകന്റെ പേര്, നല്കിയ തുക, വൗച്ചർ/ബിൽ നമ്പർ, ചെക്ക് നമ്പർ കേസിന്റെ തൽസ്ഥിതി മുതലായവ നിർബന്ധമായി ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണം.

# 1-24 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വിഷയം | എണ്ണം |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 30 |
| 2 | അങ്കണവാടി കുട്ടികളുടെ എണ്ണം | 240 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 23 |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 7 |
| 5 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 29 |
| 6 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന് L.S.G.D. എഞ്ചീനിയർ/ ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 1 |
| 7 | ശൗചാലയങ്ങളുള്ളത് | 30 |
| 8 | ചുറ്റുമതിലുള്ളത് | 10 |
| 9 | വൈദ്യുതീകരിച്ചത് | 25 |
| 10 | വാട്ടർ കണക്ഷനുള്ളത് | 7 |
| 11 | ധാന്യ സംഭരണിയുള്ളത് | 30 |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 30 |
| 13 | ബേബി ഫ്രണ്ട്ലിയായത് | - |
| 14 | 31-03-2019 തിയ്യതിയിൽ അങ്കണവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 1063614 |
| 15 | നീരീക്ഷണ കമ്മിറ്റി രൂപീകരിച്ച അങ്കണവാടികളുടെ എണ്ണം | 30 |
| | | |

| | | |
|---|---|---|
| 16 | നീരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | 30 |
| 17 | അങ്കണവാടിയിൽ വിതരണം ചെയ്ത പോഷകാഹാരം സംബന്ധിച്ച് നീരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | - |

മേൽ വിശദാംശത്തിൽ നിന്നും പഞ്ചായത്തിലെ 7 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്നാണ് വ്യക്തമാകുന്നത്. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും, ചുറ്റമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 1063614/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിൽ നിന്നും വ്യക്തമാകുന്നത്. ഈ തുക സ.ഉ.നം.39033/ഡി.സി.2/2010 ത.സ്വ.ഭ.വ 3/9/10 ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും സുരക്ഷിതമല്ലാത്ത കെട്ടിടം സുരക്ഷിതമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 വെള്ളക്കരം കുടിശ്ശിക വർദ്ധിക്കുന്നു

പഞ്ചായത്തിൽ പൊതുടാപ്പുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കേരള ജല അതോറിറ്റിയുടെ ബിൽ പ്രകാരം ടാപ്പുകളുടെ എണ്ണം താഴെച്ചേർക്കും വിധമാണ്.

| ബിൽ തീയതി | എണ്ണം |
|---|---|
| 15-10-2018 | 570 |
| 21-11-2018 | 609 |
| 20-5-2019 | 644 |

ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ 7/2012 വരെ വെള്ളക്കരം ഇനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നില്ല. ജല അതോറിറ്റിയുടെ 18-2-2020 തിയതിയിലെ ബിൽ പ്രകാരമുള്ള വിവരങ്ങൾ താഴെച്ചേർക്കുന്നു.

പൊതുടാപ്പുകളുടെ എണ്ണം- 644

നിലവിലുള്ള കുടിശ്ശിക- 1,70,45,300/-

പിഴപ്പലിശ- 2,86,489/-

2/2020 തീയതിയിലെ കുടിശ്ശിക- 28,17,750/-

നാളിതുവരെയുള്ള കുടിശ്ശിക- 1,76,13,539/-

പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം തുച്ഛമായതിനാൽ പ്രതിമാസം വെള്ളക്കരം അടവാക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എന്നാൽ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശമായതിനാൽ പൊതുടാപ്പുകളുടെ എണ്ണം വർഷം തോറും വർദ്ധിച്ചുവരുന്നു. ഈ അവസ്ഥ പരിഹരിക്കണമെങ്കിൽ സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആയതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 എസ്.സി.നായാടി വിഭാഗക്കാർക്ക് അർഹിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല

ഭരണസമിതിയുടെ 20-6-2018 തിയതിയിലെ 10(3)തീരുമാനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെച്ചേർക്കുന്നു.വാർഡ് 16 ലെ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്ന നാല് നായാടി കുടുംബങ്ങൾ ഭവനരഹിതരാണ്. നിലവിൽ ബന്ധുവീടുകളിൽ താമസിക്കുന്ന ഈ കുടുംബങ്ങൾ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ എസ്.സി.ഫണ്ട് അർഹത മാനദണ്ഡങ്ങൾക്ക് അനുസൃതമായി ചെലവഴിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# 1-27 ലൈബ്രറി കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല

പഞ്ചായത്തിന് സ്വന്തമായി ഒരു ലൈബ്രറി കെട്ടിടവും റീഡിങ്ങ് റൂമും നിലവിലുണ്ട്. 2017-18 വർഷം 75,000/-രൂപ ചെലവഴിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ലൈബ്രറി കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 ശമ്പള പരിഷ്ക്കരണകുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പള പരിഷ്കരണകുടിശ്ശിക അനുവദിച്ചതിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ആയതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നം/തിയതി | തുക |
|---|---|
| 21800105/11-5-18 | 111615 |
| 21800106/11-5-18 | 45338 |
| 21800490/3-10-18 | 151410 |

# 1-29 ആശ്രയ പദ്ധതിക്കായി തുക വിനിയോഗിക്കുന്നില്ല

ആശ്രയ അക്കൗണ്ട് ബാങ്ക് പാസ്ബുക്ക് പ്രകാരം 31-3-2019 തിയതിയിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ 14,93,743/-രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുക യഥാസമയം വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ - രേഖകൾ ലഭ്യമല്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ – രേഖകൾ ലഭ്യമല്ല.

| പ്രോജക്റ്റ് നം | ബിൽ നം / തിയ്യതി- | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1/19- ഐ കെ എം വിഹിതം | 5/18-19 തി.29-6-18 | 64255 | വിനിയോഗ സാക്ഷ്യ പത്രം/രശീതി |
| 11/19വിഞ്ജാൻ സാഗർ വിഹിതം | 18/18-19 തി-29-6-18 | 100000 | വിനിയോഗ സാക്ഷ്യ പത്രം/രശീതി |
| 13/18-19 വെള്ളക്കരം അടവാക്കൽ | 14/18-19 തി-25-10-19 | 1245803 | രശീതി |
| 10/18-19 സുശാന്തം വിഹിതം നൽകൽ | 6/18-19 തിയ്യതി 28-6-18 | 50000 | വിനിയോഗ സാക്ഷ്യപത്രം |
| 15/18-19 അങ്കണവാടി ഹെൽപ്പർ വർക്കർ ഹോണറേറിയം | 17/18-19 തിയ്യതി 10-2-18<br>23/18-19 തിയ്യതി 22-3-19 | 657000<br>657000 | ട്രഷറി ചലാൻ |
| പ്രോജക്റ്റ് നം-151/19 ബോർവെൽ നിർമ്മാണം | 18-/18-19 തിയ്യതി 18-12-19 | 120000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിൽനിന്നുള്ള പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം, പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം, ബിൽ |
| 24/19<br>കറുകമാട് കുടിവെള്ള ടാങ്കിലേക്ക് പൈപ്പ് ലൈൻ എക്സ്ടെൻഷൻ | 24/19 തിയ്യതി-19-2-19 | 1500000 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം, ബിൽ |
| | | 4394058 | |

രേഖകളുടെ അഭാവത്തിൽ 43,94,058/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-31 വി ഇ ഒ നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ- അപാകതകൾ

വീട് വാസയോഗ്യമാക്കൽ പദ്ധതിയിലുൾപ്പെടുത്തി മേൽക്കൂര മാറ്റൽ പ്രവർത്തിയ്ക്ക് തുക അനുവദിച്ചു.

1.പ്രോജക്റ്റ് നം-34/19

പ്രോജക്റ്റിന്റെ പേര്- വീട് വാസയോഗ്യമാക്കൽ-ജനറൽ

നിർവഹണോദ്യോഗസ്ഥൻ -വി ഇ ഒ

ബിൽ നം-10/18-19 തിയ്യതി 28-12-18

ബിൽ നം-13/18-19 തിയ്യതി 15-2-19

ബിൽ നം-14/18-19 തിയ്യതി 27-3-19

മേൽ പദ്ധതിയിലുൾപ്പെടുത്തി ഫാത്തിമ പുളിക്കൽ, കടപ്പുറം എന്നവർക്കും ഖദീജ പോക്കാക്കില്ലത്ത്, വട്ടേക്കാട് എന്നവർക്കും വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്കായി 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. രണ്ടു പേരുടെയും ഫയലിലുള്ള എസ്റ്റിമേറ്റ് പരിശോധിച്ചതിൽ രണ്ടു പേരും മേൽക്കൂര മാറ്റൽ എന്ന പ്രവൃത്തിയാണ് നിർവഹിച്ചിരിയ്ക്കുന്നത്. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റുന്നതിന് അനുവദിയ്ക്കാവുന്നത് (ജനറൽ) 75000 രൂപ മാത്രമാണ്. വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയിലുൾപ്പെടുത്തി മേൽക്കൂര മാറ്റിസ്ഥാപിയ്ക്കുന്ന പ്രവൃത്തി ചെയ്തത് ഉചിതമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയ്ക്കനുസൃതമാക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

2.മേൽ പദ്ധതിയിലുൾപ്പെട്ട ആരുടെയും വരുമാന സർട്ടിഫിക്കറ്റ് ഫയലിലില്ല. ഗുണഭോക്താക്കളുടെ റേഷൻ കാർഡിലെ വരുമാനവും അപേക്ഷയിൽ രേഖപ്പെടുത്തിയ വരുമാനവും പൊരുത്തപ്പെടുന്നില്ല.

ഉദാ-

| പേര് | റേഷൻ കാർഡിലെ വരുമാനം | അപേക്ഷയിലെ വരുമാനം |
|---|---|---|
| സുബൈദ അമ്പലപറമ്പിൽ | 6000 | 65000 |
| ഖാലിദ്, പുതുവീട്ടിൽ | 3600 | 50000 |
| നളിനി, കറത്തണ്ടൻ | 1200 | 60000 |

നിർവഹണോദ്യോഗസ്ഥൻ എപ്രകാരം ഗുണഭോക്താക്കളുടെ വാർഷിക വരുമാനം 200000 രൂപയിൽ താഴെയാണ് ഉറപ്പിച്ചതെന്ന് വ്യക്തമല്ല.

3. പ്രോജക്ട് നം-37/19

പ്രോജക്ടിന്റെ പേര് -ലൈഫ് ഭവന പദ്ധതി -ജനറൽ

1. ബിൽ നം -4/18-19 തിയ്യതി-30-8-18 തുക-1160000

മേൽ പദ്ധതി പ്രകാരം ലത സുരേന്ദ്രൻ എന്നവർക്ക് 40000 രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരി ഭവന നിർമ്മാണം ആരംഭിച്ച് തുടർന്ന് തുകയൊന്നും കൈപ്പറ്റിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാരിയുടെ മകൻ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ താമസിക്കുന്നതായും ടിയാരി ഭവന നിർമ്മാണത്തിന് സന്നദ്ധരല്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ടിയാരിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2. വിനീത ബാലകൃഷ്ണൻ കിഴക്കിട്ട്, ബ്ലാങ്ങാട് എന്നവർക്കും 40000 രൂപ അനുവദിച്ചിട്ടുണ്ട്. ടിയാരി തുടർന്ന് ഗഡുക്കൾ കൈപ്പറ്റി കാണുന്നില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3 ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-2019 | 26.07.2019-27.07.2019 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/19(37) / തീ.14.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 40000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 0 | 40000 |
| | 2018-19 | 343515 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 343515 | 0 |
| | 2018-19 | 700000 | വയോജനങ്ങൾക്ക് പകൽവീട് | 0 | 700000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 374985 | 15 |
| | 2018-19 | 3881612 | ലൈഫ് ഭവന പദ്ധതി | 3720000 | 161612 |
| | 2018-19 | 250000 | പാലിയേറ്റീവ് കെയർ | 136910 | 113090 |
| | 2018-19 | 1000000 | 13-ാം വാർഡിൽ അങ്കണവാടി നിർമ്മാണം | 61529 | 938471 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം. / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | S04/2019-കറുകമാട് കുടിവെള്ള ടാങ്കിലേയ്ക്ക് പൈപ്പ് എക്സ്റ്റൻഷൻ | 21801096 dt 26.2.2019 | 15,00000 | 0 | 15,00000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | S0151/19വാർഡ് 12ൽ ബോർവെൽ നിർമ്മാണം | 21801104 dt 28.1.2019 | 1,20000 | 0 | 1,20000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | ഭാഗം 2 | 2016-17 | 2-1 to 2-7 | | 2-2<br>2-5, 2-6(2)2-7 എന്നിവയിൽ പരാമർശം ഒഴിവാക്കി |
| | ഭാഗം 3 | 2016-17 | 3-1 to 3-22 | | 3-1,3-7,3-8,3-21,3-22 എന്നീ പരാമർശങ്ങൾ ഒഴിവാക്കി |
| 2014-15 | | | | | പരാമർശമില്ല |
| 2013-14 | | 2015-16 | | | പരാമർശമില്ല |
| 2009-10<br>2010-11 | | | | | പരാമർശമില്ല |
| 2012-13 | ഭാഗം 3<br><br>ഭാഗം 4 | | 3-1 to 3-18<br><br>4-1,4-2,4-3(A-F), 4-4 | | 3-1,3-10 പരാമർശം ഒഴിവായി<br><br>4-1,4-2,4-3A,4-3D,4-3E,4-4 പരാമർശം ഒഴിവായി |
| 2011-12 | ഭാഗം 2<br><br>ഭാഗം 3 | | 2-1 to 2-6<br><br>3-1 to 3-15 | | 2-1,2-3,2-4 ഒഴിവായി<br><br>3-3, 3-13 പരാമർശം ഒഴിവായി |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76667245 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62951702 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 43,94,058 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം / ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 4394058 | ടി.കെ.ജോസഫ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90 | എൽ.എഫ്.ടി.11-122/95/ തിയ്യതി 4.10.98 |
| 1990-91 | എൽ.എഫ്.ടി. (എസ്. 2) 1316/11/തിയ്യതി 14.7.11 |
| 1991-92 | |
| 92-93, 93-94 | |
| 96-97 | എൽ.എഫ്.ടി. 11-316/98/തിയ്യതി 4.6.98 |
| 97-9 | എൽ.എഫ്.ടി.13-1866/99/ തിയ്യതി 3.7.2000 |
| 98-99 | എൽ.എഫ്.ടി. 11- 287/01/ തിയ്യതി 18.5.01 |
| 99-2000, 2000-01, 01-02 പദ്ധതി വിഹിതം | എൽ.എഫ്.ടി. 13- 1369/03/ തിയ്യതി 16.4.04 |
| 2003-04 | എൽ.എഫ്.ടി.13-96/06 |
| 04-05 | എൽ.എഫ്.ടി.13-280/07/ തിയ്യതി 2.6.07 |
| 05-06 | എൽ.എഫ്.ടി. 13- 2200/08/ തിയ്യതി 7.12.09 |
| | |

| | |
|---|---|
| 06-07 | എൽ.എഫ്.ടി. 13- 2201/08/തിയ്യതി 7.6.11 |
| 07-08 | എൽ.എഫ്.ടി.പി. 4- 2148/11 തിയ്യതി 29.11.11/5.3.12 |
| 08-09 | എൽ.എഫ്.ടി.പി. 4- 2149/11 തിയ്യതി 7.1.12/18.5.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി. 4- 2398/12 തിയ്യതി 8.3.13/11.7.13 |
| 11-12 | എൽ.എഫ്.ടി.പി. 4- 1433/13 തിയ്യതി18.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി. 8- 1767/14 തിയ്യതി 10.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർപി3-192/16 തിയ്യതി 9/2/16/ 17.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.8)1277/16, തിയ്യതി 29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)2060/16 തിയ്യതി 05/12/16/ 21.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17 തീയതി 25-07-2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ /135/2019 തീയതി 06/03/19 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-2</u> <u>ഓഡിറ്റ് സംക്ഷിപ്തം</u>

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ